# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **5473**

04.07.2013 – ൽ മറുപടി
നൽകേണ്ടിയിരുന്നത്

### പ്രകൃതി ചികിത്സാ കേന്ദ്രങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി കെ. കെ. ലതിക | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രകൃതി ചികിത്സാ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് സർക്കാർ ലൈസൻസ് നൽകി വരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;<br><br>(ബി) ഇല്ലെങ്കിൽ പ്രകൃതി ചികിത്സാ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വ്യവസ്ഥാപിതമാക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (എ)<br>&<br>(ബി) | നിലവിൽ 1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങളിൽ ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തികളുള്ളിൽ ഏതൊരു സ്വകാര്യ ആശുപത്രിയും, പാരാ മെഡിക്കൽ സ്ഥാപനവും പ്രസ്തുത ഗ്രാമ പഞ്ചായത്തിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ സ്ഥാപിക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ സ്വകാര്യ ചികിത്സാ കേന്ദ്രങ്ങൾക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിൽ നിന്ന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകി വരുന്നുണ്ട്. സംസ്ഥാനത്ത് എല്ലാ അംഗീകൃത ചികിത്സാ രീതികൾ പ്രയോഗിക്കുന്ന കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളെ നിയന്ത്രിക്കുകയെന്ന ഉദ്ദേശ്യത്തോടെ തയ്യാറാക്കുന്ന ക്ലിനിക്കൽ എസ്റ്റാബ്ലിഷ് മെന്റ് ബിൽ നിലവിൽ വരുന്നതോടുകൂടി ഇക്കാര്യത്തിൽ ഒരു പരിഹാരമുണ്ടാകുന്നതാണ്. |

സെക്ഷൻ ഓഫീസർ